# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1566** — **21-03-2012 ൽ മറുപടിയ്ക്ക്**

## നെല്ലുസംഭരണത്തിന് സ്ഥിരം സംവിധാനം

| **ചോദ്യം** | | **മറുപടി** | |
|---|---|---|---|
| ശ്രീ.എം.പി.അബ്ദുസ്സമദ് സമദാനി | | ശ്രീ.കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കൃഷി ചെയ്യുന്ന നെല്ലിന് താങ്ങുവില ഉറപ്പുവരുത്താൻ സ്ഥിരമായി പദ്ധതികളുണ്ടോ എന്ന് വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് കൃഷി ചെയ്തുൽപ്പാദിപ്പിക്കുന്ന നെല്ലിന് താങ്ങുവില ഉറപ്പാക്കുന്ന പദ്ധതി യാണ് കേന്ദ്രഗവൺമെന്റിന്റെ വികേന്ദ്രീകൃത നെല്ലുസംഭരണ പദ്ധതി. ഈ പദ്ധതി പ്രകാരം ഒരു കിലോ നെല്ലിന്റെ താങ്ങുവില 10.80 രൂപയാണ്. ഇതിനു പുറമെ സംസ്ഥാന ഗവൺമെന്റിന്റെ വിഹിതമായി 4.20 രൂപ അധികം നൽകി കിലോയ്ക്ക് 15 രൂപ പ്രകാരമാണ് സപ്ലൈകോ കർഷകരിൽ നിന്നും നെല്ലു സംഭരിച്ചുകൊണ്ടിരിക്കുന്നത്. |
| (ബി) | ഓരോ മണ്ഡലത്തിലും കൃഷിയെ പ്രോത്സാഹിപ്പി ക്കാനായി സപ്ളൈകോയുടെ നേതൃത്വത്തിൽ നെല്ലു സംഭരണയൂണിറ്റ് തുടങ്ങാൻ പദ്ധതിയുണ്ടോ; | (ബി) | കർഷകർ ഉൽപ്പാദിപ്പിക്കുന്ന നെല്ല് ഏറ്റവും അടുത്ത് ലോറി എത്തുന്നിടത്ത് പോയി സംഭരിക്കുകയാണ് ഇപ്പോൾ ചെയ്തു കൊണ്ടിരിക്കുന്നത്. എല്ലാ മണ്ഡല ങ്ങളിലും നെല്ലു സംഭരണ യൂണിറ്റുകൾ തുടങ്ങാൻ തൽക്കാലം പദ്ധതിയില്ല. |
| (സി) | എന്തെല്ലാം പദ്ധതികളാണ് ഇവർക്കായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദ മാക്കാമോ? | (സി) | കൃഷിക്കാർ ഉൽപ്പാദിപ്പിക്കുന്ന നെല്ല് കാലതാമസം കൂടാതെ സംഭരിക്കുവാനും നെല്ലിന്റെ വില പൂർണമായും അവരുടെ വ്യക്തിഗത ബാങ്ക് അക്കൗണ്ടുകളിലേക്ക് നൽകുന്നതിനുള്ള പദ്ധതികൾ വിജയകരമായി നടപ്പാക്കിയിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും കർഷകരിൽ നിന്നും നെല്ലു സംഭരിക്കുവാനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. |

സെക്ഷൻ ഓഫീസർ